**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4515** **20.10. 2011-ൽ മറുപടിക്ക്.**

**സെക്രട്ടേറിയറ്റ് ഗേറ്റിൽ വാഹനം ഇടിച്ചുകയറ്റിയ സംഭവം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സെക്രട്ടേറിയറ്റിലെ വി.ഐ.പി. ഗേറ്റിലേക്ക് വാഹനവുമായി ഇടിച്ചു കയറി, അതിക്രമിച്ച് കടക്കാൻ ശ്രമിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ; | : (എ) ഉണ്ട്. |
| (ബി) സംഭവത്തെക്കുറിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായോ ; ഏതെല്ലാം വകുപ്പുകൾ അനുസരിച്ച് ആർക്കെല്ലാം എതിരെ കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി ;<br><br>(സി) പ്രതികൾ ആരൊക്കെയാണ് ; ഏതെങ്കിലും പ്രതികൾ ഓടി രക്ഷപ്പെടുകയുണ്ടായോ ; | : (ബി) & (സി)<br><br>ഈ സംഭവത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 802/2011 u/s 447, 279 & 34 IPC & Sec.185 of MV Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുകയാണ്. ഈ കേസിലെ പ്രതികളായ പള്ളിപ്പുറം വില്ലേജിൽ വാടയിൽമുക്ക് ജംഗ്ഷനിൽ ദിൽകുഷ് മൻസിലിൽ ഇബ്രാഹിം കുഞ്ഞ് മകൻ അഫ്സൽ, കഴക്കൂട്ടം വില്ലേജിൽ വടക്കുംഭാഗം വാർഡിൽ വെട്ടുറോഡ് സൽസലയിൽ സലിം മകൻ സാജൻ, പള്ളിപ്പുറം വില്ലേജിൽ മൈതാനി വാർഡിൽ കരിച്ചാറ കുന്നുവിള വീട്ടിൽ കൃഷ്ണൻ മകൻ ചന്ദ്രൻ |

(..................2)

ഇവർക്കെതിരെയാണ് കേസെടുത്തിട്ടുള്ളത്. ഇവരിൽ മൂന്നാം പ്രതിയായ കൃഷ്ണൻ മകൻ ചന്ദ്രൻ സംഭവസ്ഥലത്തു നിന്നും ഓടിപ്പോയിട്ടുള്ളതും ഈ കേസിന്റെ അന്വേഷണമദ്ധ്യേ അറസ്റ്റ് ചെയ്ത് ടിയാനെ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്.

| | |
|---|---|
| (ഡി) ഇടിച്ചുകയറിയ കാറിൽ മദ്യം ഉണ്ടായിരുന്നോ ; വാഹനം ഓടിച്ചയാൾ മദ്യപാനം നടത്തിയതായി തെളിയുകയുണ്ടായോ ; | : (ഡി) ഇടിച്ചുകയറിയ കാറിൽ മദ്യം ഉണ്ടായിരുന്നു. വാഹനം ഓടിച്ചയാൾ മദ്യപിച്ചിട്ടുള്ളതായി തെളിഞ്ഞിട്ടുണ്ട്. |
| (ഇ) അന്വേഷണത്തിൽ പ്രതികൾക്ക് ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട് ? | : (ഇ) അന്വേഷണത്തിൽ പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി ബന്ധമുള്ളതായി അറിവായിട്ടില്ല. |

സെക്ഷൻ ഓഫീസർ